DESPATCHED
On 29/07/21

23/6/21

സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ **AP No.118(6)/2021**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.1738/എസ്.ഐ.സി–ജി 5/2021)*

സന്നിഹിതൻ

അഡ്വ. എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ഷിയാസ് മുഹമ്മദ് മുസ്തഫ,
കുളപ്പുരയിൽ, വെയിലൂർ,
ശാസ്തവട്ടം, തിരുവനന്തപുരം-695 305
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   പേഴ്സണൽ അസിസ്റ്റന്റ്,
   ജില്ലാ വിദ്യാഭ്യാസ ആഫീസ്,
   ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ കാര്യാലയം,
   ആറ്റിങ്ങൽ, തിരുവനന്തപുരം

2. അപ്പീൽ അധികാരി &
   ജില്ലാ വിദ്യാഭ്യാസ ആഫീസർ,
   ആറ്റിങ്ങൽ, തിരുവനന്തപുരം

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 28.10.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 24.11.2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 24.12.2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 15.01.2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 27.01.2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 30.01.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 19.02.2021 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 18.03.2021 |
| ആഡിയോ ഹിയറിംഗ് തീയതി | 05.05.2021 |

| | |
|---|---|
| ഹിയറിംഗിലെ സാന്നിദ്ധ്യം<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ഷിയാസ് മുഹമ്മദ് മുസ്തഫ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിച്ചത്, ടിയാൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ആയതിന് ലഭിച്ച മറുപടിയും തൃപ്തികരമല്ലെന്നും ടിയാന്റെ അപേക്ഷയിലെ മറുപടി ലഭ്യമാക്കാനുള്ള നടപടി കമ്മീഷൻ സ്വീകരിക്കണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ ഹർജിക്കാരൻ 28.10.2020 ൽ എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിന്മേൽ മറുപടി നൽകിയതായി കാണുന്നു. ആയതു തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 24.12.2020 ൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ആയതിന് ലഭ്യമാക്കിയ മറുപടിയും തൃപ്തികരമല്ലെന്നാണ് ടിയാൻ ബോധിപ്പിച്ചിരിക്കുന്നത്.

3. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 18.03.2021 ൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന വിവരങ്ങൾ 20 വർഷങ്ങൾക്ക് മുമ്പുള്ളതായിരുന്നതിനാൽ ആഫീസിൽ ലഭ്യമല്ലായിരുന്നുവെന്നും ടി വിവരം കാണിച്ച് ബി1/3764/2020/എൽ.ഡിസ്. തീയതി. 24.11.2020–ൽ മറുപടി നൽകിയിരുന്നുവെന്നും ആയതിനെതിരെ ടിയാൻ അപ്പീൽ അധികാരി മുമ്പാകെ ഫയൽ ചെയ്ത ഹർജി പബ്ലിക് ഇൻഫർമേഷൻ ആഫീസറുടെ മറുപടി ക്രമപ്രകാരമാണെന്ന് ബോധ്യപ്പെട്ടതിനാൽ ബി1/4522/ഡി.എ.ഒ/കെ.ഡിസ്. തീയതി 15.01.2021 ഉത്തരവ് പ്രകാരം അപ്പീൽ നിരസിച്ചു നൽകിയെന്നും ഹർജികക്ഷി വിവരങ്ങൾ ആവശ്യപ്പെട്ടിരിക്കുന്നത് സി.ബി.എസ്.ഇ. അൺ എയ്ഡഡ് സ്ഥാപനത്തെ സംബന്ധിച്ചിട്ടുള്ളതാണെന്നും ആദ്യമായി സി.ബി.എസ്.ഇ. അംഗീകാരത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ ആയത് മേലൊപ്പ് ചാർത്തി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയയ്ക്കുക മാത്രമാണ് ടി ആഫീസിൽ നിന്നും ചെയ്യുന്നതെന്നും തുടർന്ന് സർക്കാരാണ് എൻ.ഒ.സി. നൽകുന്നതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ സിബി.എസ്.ഇ. ബോർഡാണ് സ്കൂളിന് അംഗീകാരം നൽകുന്നതെന്നും ആഫീസിൽ സമർപ്പിക്കുന്ന രേഖകളെല്ലാം തുടർനടപടിയ്ക്കായി സർക്കാരിലേയ്ക്കാണ് നൽകുന്നതെന്നും രേഖകൾ പ്രകാരം 1999 ലാണ് സ്കൂളിന് അംഗീകാരം നേടിയിട്ടുള്ളതെന്നും സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് അപേക്ഷ നൽകിയപ്പോൾ തന്നെ ബന്ധപ്പെട്ട രേഖകൾ ലഭ്യമാണോ എന്ന് തെരച്ചിൽ നടത്തിയിരുന്നുവെന്നും എന്നാൽ രേഖകൾ ഒന്നും ലഭ്യമാകാത്തതിനാലാണ് അപ്രകാരം മറുപടി

നൽകിയതെന്നും കൂടാതെ വകുപ്പ് ചട്ടങ്ങൾ പ്രകാരം സംരക്ഷണ കാലാവധി കഴിഞ്ഞ രേഖയുമാണിതെന്നും അറിയിച്ചിരിക്കുന്നു.

4. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 6(1) അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി നൽകിയെങ്കിലും ആയത് തൃപ്തികരമല്ലാത്തതിനാലാണ് ഹർജികക്ഷി അപ്പീലധികാരിയെ സമീപിച്ചത്. അപ്പീൽ അധികാരിയും മറുപടി നൽകിയതായി കാണുന്നു. എങ്കിലും ആയതും തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷനെ സമീപിച്ചത്. ഹർജികക്ഷി പന്ത്രണ്ട് വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടാണ് വിവരാവകാശ പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നത്. ആയതിന് ഒന്നാം എതിർകക്ഷി നൽകിയിട്ടുള്ള മറുപടി തികച്ചും അപര്യാപ്തമാണ്. അപേക്ഷകൻ ഉന്നയിച്ച ആവശ്യങ്ങൾ സംബന്ധിച്ച് ടിയാന് നൽകാൻ കഴിയാവുന്ന വിവരങ്ങൾ പോലും ഒന്നാം എതിർകക്ഷി നൽകിയിട്ടില്ല എന്നു കാണുന്നു. ആയത് തികച്ചും വിവരങ്ങൾ നിഷേധിക്കുന്നതിന് സമാനമാണ്. 24.11.2020 ൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത് ടിയാൻ വിവരാവകാശ നിയമ പ്രകാരം ആവശ്യപ്പെട്ട 1 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്കുള്ള മറുപടി 'ടി ആഫീസിൽ ശേഖരിച്ച് സൂക്ഷിച്ചിട്ടില്ല' എന്നും, ചോദ്യം 12 ന് 'ബാധകമല്ല' എന്നുമാണ്. ആയത് തികച്ചും നിഷേധപരമായ സമീപനമാണ്. ഉത്തരം നൽകാൻ കഴിയുന്നതല്ല എങ്കിൽ അത്തരത്തിൽ നിരസിക്കലിനുള്ള കാരണങ്ങൾ വിശദമായി അറിയിക്കേണ്ടതായിരുന്നു. ഒന്നാം എതിർകക്ഷിയുടെ ഈ നടപടി വിവരാവകാശ നിയമം വകുപ്പ് 7(1) പ്രകാരം കുറ്റകരവും വകുപ്പ് 20(1) പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിക്കെതിരെ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാൻ ഉണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള ശിക്ഷാ ഉത്തരവ്

പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. രണ്ടാം എതിർകക്ഷിയും ഹർജിക്കാരന്റെ ഒന്നാം അപ്പീൽ അപേക്ഷ ഗൗരവത്തോടെ കണ്ടതായി കരുതാൻ കഴിയുന്നില്ല. സ്കൂൾ പബ്ലിക് ഇൻഫർമേഷൻ ആഫീസറിൽ നിന്നും വിവരം ലഭ്യമാക്കാൻ കഴിയുമെന്ന് ബോധ്യമുണ്ടായിരുന്ന അപ്പീൽ അധികാരി വിവരാവകാശ നിയമം 6(3) വകുപ്പു പ്രകാരം ടി ആഫീസിലേക്ക് അപേക്ഷ അയക്കാൻ ഒന്നാം എതിർകക്ഷിയോട് നിർദ്ദേശിക്കാതിരുന്നതിന്റെ കാരണം ഈ ഉത്തരവ് ലഭിച്ച് 5 ദിവസങ്ങൾക്കകം കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്. ഹർജികക്ഷിയുടെ വിവരാവകാശ അപേക്ഷയിലെ വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 20 ദിവസത്തിനകം രണ്ടാം എതിർകക്ഷി ഹർജികക്ഷിക്ക് ലഭ്യമാക്കേണ്ടതാണ്.

6. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2021, ജൂൺ 23–ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

അഡ്വ.എച്ച്. രാജീവൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

Beuf

കമ്മീഷൻ സെക്രട്ടറി

dp